"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ തലവൂർ ദേവീ വിലാസം ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി അനുവദിക്കപ്പെട്ട കോമേഴ്സ് ബാച്ചിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് സ്ഥിര നിയമനത്തിനായി പരിഗണിക്കപ്പെട്ടുമ്പോൾ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3943/2025/GEDN തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. സ.ഉ(അച്ചടി) നം.108/2017/പൊ.വി.വ തീയതി,29.08.2017
2. സ.ഉ(അച്ചടി) നം.168/2021/പൊ.വി.വ തീയതി,26.07.2021
3. സ.ഉ(സാധാ).നം.1983/2023/പൊ.വി.വ തീയതി,18.03.2023
4. സ.ഉ(സാധാ) നം.5026/2023/പൊ.വി.വ തീയതി,12.09.2023
5. സ.ഉ(അച്ചടി).നം.1471/2024/പൊ.വി.വ തീയതി,22.02.2024
6. ദേവി വിലാസം ഹയർ സെക്കന്ററി സ്കൂൾ മാനേജറുടെ 03.04.2023 ലെ അപേക്ഷ
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 31.07.2024.15.05.2025 എന്നീ തീയതികളിലെ HSE/14205/2023-Acd C5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ തലവൂർ ദേവി വിലാസം ഹയർ സെക്കന്ററി സ്കൂളിൽ **2015-16** അധ്യയന വർഷത്തിൽ പുതിയതായി അനുവദിക്കപ്പെട്ട കോമേഴ്സ് ബാച്ചിൽ തസ്തിക സൃഷ്ടിക്കാത്ത സാഹചര്യത്തിൽ **2015-16** അധ്യയന വർഷം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന അധ്യാപകർക്ക് പ്രസ്തുത സ്കൂളിൽ പരാമർശം(3) ഉത്തരവ് പ്രകാരം പുതിയതായി അനുവദിക്കപ്പെട്ട തസ്തികകളിൽ സ്ഥിര നിയമനത്തിന് പരിഗണിക്കുമ്പോൾ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നൽകുവാനാണ് പരാമർശം(6) പ്രകാരം മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, **2014-2015** വർഷത്തേയ്ക്ക് പുതിയ ബാച്ചുകളും, സ്കൂകൂളുകളും അനുവദിച്ചതിനെ തുടർന്ന് തസ്തികകൾ

സൃഷ്ടിക്കുന്നതുവരെ ദിവസവേതന അദ്ധ്യാപകരെ നിയോഗിച്ച് അദ്ധ്യയനം നടത്തുന്ന സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ചപ്പോൾ ഉണ്ടായ സ്ഥിര ഒഴിവിലേക്ക് പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ ടി അദ്ധ്യാപകർക്ക് ദിവസവേതന നിയമനം നിശ്ചിത പ്രായപരിധിയ്ക്ക് അകത്താണെങ്കിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(2),(4)&(5) എന്നീ ഉത്തരവുകൾ പ്രകാരം ബാച്ചുകൾ, സ്കൂളുകൾ അനുവദിച്ചതു മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ അധ്യാപകർക്ക് വയസ്സിളവ് അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട്.

3.മേൽ സാഹചര്യത്തിൽ, തലവൂർ ദേവീവിലാസം ഹയർസെക്കന്ററി സ്കൂളിൽ 2015-16 അധ്യയനവർഷം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.മീരസൂസൻ വർഗ്ഗീസ്, ശ്രീമതി ദീപാകുമാരി.ആർ, ശ്രീമതി.ബീന.ആർ എന്നിവരുടെ ആദ്യ ദിവസവേതന നിയമനം നിശ്ചിത പ്രായപരിധിയ്ക്കകത്തായിരുന്നതിനാൽ പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി അനുവദിച്ച തസ്തികകളിലേക്ക് മാത്രം സ്ഥിര നിയമനത്തിന് പരിഗണിക്കപ്പെടാൻ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ് ), തിരുവനന്തപുരം
മേഖല ഉപമേധാവി, തിരുവനന്തപുരം
മാനേജർ, തലവൂർ ദേവി വിലാസം ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 18-06-2025 14:55:34